# കേരള സർവകലാശാല

നം.പി.ആർ.214/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### തീയതി നീട്ടി

പ്രളയദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് പുതിയ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി ഒക്ടോബർ 10 വരെ ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിക്കാവുന്നതാണ്.

### പുതുക്കിയ പരീക്ഷാതീയതി

രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013 – 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 12 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബർ 1 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ മലയാളം ഡിഗ്രി പരീക്ഷയുടെ ML 243 - ആധുനിക ഭാഷാശാസ്ത്രം ഒക്ടോബർ 10 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കോ സമയത്തിനോ മാറ്റമില്ല.

### പരീക്ഷാഫലം

2018 ജനുവരിയിൽ നടത്തിയ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഒന്നാം സെമസ്റ്റർ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 20 വരെ അപേക്ഷിക്കാം.

2018 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ജൂണിൽ നടന്ന മൂന്നാം സെമസ്റ്റർ, നാലാം സെമസ്റ്റർ എം.വി.എ (പെയിന്റിംഗ് ആന്റ് ആർട്ട് ഹിസ്റ്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 15.

## അഡ്മിഷൻ മെമ്മോ

സി.എസ്.എസ് 2018 ൽ പി.ജി ബിരുദാനന്തര ബിരുദ പഠനവകുപ്പുകളിലേയ്ക്ക് രണ്ടാം അലോട്ട്മെന്റ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ടതായ് എസ്.എം.എസ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കുള്ള അഡ്മിഷൻ മെമ്മോ സെപ്റ്റംബർ 29 ന് ഉച്ചയ്ക്ക് 12 മണിക്ക് ശേഷം **www.admissions.keralauniversity.ac.in** എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. വിദ്യാർത്ഥികൾ മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസവും സമയവും മറ്റ് നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## പരീക്ഷാഫീസ്

2018 നവംബറിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി (PGDGIST)രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 2 വരെയും 50 രൂപ പിഴയോടെ നവംബർ 7 വരെയും 125 രൂപ പിഴയോടെ നവംബർ 9 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബറിൽ നടക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്ക് 2007 അഡ്മിഷനിലുള്ള ട്രാൻസിറ്ററി വിദ്യാർത്ഥികൾക്ക് പിഴ കൂടാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 10 വരെയും നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം നവംബർ 15, 28 തീയതികളിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 22 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 25 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 29 വരെയും ഓൺലൈനായി ഒക്ടോബർ 3 മുതൽ അപേക്ഷിക്കാം.

## ടൈംടേബിൾ

2018 ഒക്ടോബർ 22 മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ മ്യൂസിക് കോർ ആന്റ് കോംപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10 മുതൽ 23 വരെ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പി.എച്ച്.ഡി നൽകി

പ്രെസ്സി പി പ്രകാശിയ, വിന്നി കെ.വി, രമ്യ ജെ (ബോട്ടണി), അർച്ചന പി ദാസ്, സുമിത്ര ഐ.എസ് (കെമിസ്ട്രി), ജോൺ കെ രാജൻ (മാത്തമാറ്റിക്സ്), സരിത ആർ (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), മഞ്ജു ബി.ആർ (ഹിന്ദി), സലീം എ (അറബിക്), മുംമ്നാ നാസർ (കൊമേഴ്സ്), സ്മിതാ ഡാനിയൽ എസ്.എൽ (മലയാളം), വിഷ്ണു എ.എസ്, അമ്പിളി വി രാജ് (മാനേജ്മെന്റ് സ്റ്റഡീസ്), ബിജു കെ.എസ് (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), മനോജ് ആർ (ഇസ്ലാമിക് ഹിസ്റ്ററി)

## <u>യോഗ രജിസ്ട്രേഷൻ</u>

കായിക പഠന വകുപ്പ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പൊതു ജനങ്ങൾക്കായി മാസം തോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ഒക്ടോബർ മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷാ ഫോം ജി.വി രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും 10.30 AM മുതൽ 5 PM വരെ ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 8921507832/0471 – 2306485

**തിരുവനന്തപുരം.**
28.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** **ku.release@gmail.com** **website:** **www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**